**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2898** **12-07-2022 - ൽ മറുപടിയ്ക്ക്**

**ആലുവ ചൂർണ്ണിക്കര പൈപ്പ് ലൈൻ റോഡിന്റെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആലുവ ചൂർണ്ണിക്കര പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പൈപ്പ് ലൈൻ റോഡ് ഗതാഗത യോഗ്യമാക്കുന്നതിനുള്ള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ കാര്യാലയത്തിലെ കെ.ഡബ്ല്യു.എ./ജെ.ബി./പി.3/സ്റ്റേറ്റ് പ്ലാൻ/02/2020 നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | **ആലുവ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ആലുവ മുനിസിപ്പാലിറ്റിയിലൂടേയും, ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്തിലൂടേയും കടന്നു പോകുന്ന പൈപ്പ് ലൈൻ റോഡ് പുനരുദ്ധരിക്കുന്നതിനായി ബഹു. എം.എൽ.എ. ശ്രീ.അൻവർ സാദത്തിന്റെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ആലുവ മുതൽ ചൂർണ്ണിക്കര പഞ്ചായത്തിൽ ഉൾപ്പെടുന്ന കുന്നത്തേരി ഷാപ്പുംപടി വരെ 2.5 കി.മീ. നീളത്തിൽ ടൈൽ വിരിക്കുന്നതിനും ക്രോസ് ബാറുകൾ സ്ഥാപിക്കുന്നതിനും കേരള വാട്ടർ അതോറിറ്റി 220 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സ്റ്റേറ്റ് പ്ലാൻ 2022-23-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനായി കേന്ദ്ര കാര്യാലയത്തിലേക്കു സമർപ്പിക്കുകയുണ്ടായി. എന്നാൽ പൈപ്പ് ലൈൻ റോഡ് ഇന്റർലോക്ക് ടൈൽ പാകുന്നതിനു കേരള വാട്ടർ അതോറിറ്റിയുടെ ബോർഡിന്റെ NOC അനിവാര്യമാണ്. ബന്ധപ്പെട്ട ഫയൽ രേഖകൾ അനുസരിച്ചു മുൻപ് ഇതിൽ തുടർ നടപടികൾ സ്വീകരിക്കുന്നത് കേന്ദ്ര കാര്യാലയത്തിലെ സെക്രട്ടറിയുടെ വിഭാഗത്തി ലായതിനാൽ നിവേദനത്തിന്മേൽ പ്രസ്തുത യൂണിറ്റിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ബി) | ഈ വിഷയത്തിൽ കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; സമർപ്പിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | **സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. കൊച്ചി കോർപ്പറേഷനിലേക്കും അനുബന്ധ പഞ്ചായത്തിലേക്കും കുടിവെള്ള വിതരണം നടത്തുവാൻ ആലുവ ജലശുദ്ധീകരണശാല മുതൽ പൈപ്പ് ലൈൻ വിന്യസിക്കുവാൻ 20 കി.മീ നീളത്തിലും ശരാശരി 18 മീറ്റർ വീതിയിലും ജല അതോറിറ്റി പൊന്നുംവിലയ്ക്ക് വാങ്ങിയിട്ടുള്ള സ്ഥലമാണ് പൈപ്പ് ലൈൻ റോഡ്. 50 വർഷത്തിലേറെ പഴക്കമുള്ള 900 എം.എം., 1050 എ.എം കാസ്റ്റ് അയൺ പമ്പിംഗ് മെയിൻ, 2002 കാലയളവിൽ സ്ഥാപിച്ച 1200 എം.എം എം.എസ്** |

പമ്പിംഗ് മെയിൻ എന്നിവ പ്രസ്തുത റോഡിലൂടെ കടന്നു പോകുന്നു. ആയതിനാൽ ഭാരവണ്ടികൾ പൈപ്പ് ലൈനിന് മുകളിലൂടെ കയറി ഇറങ്ങുന്നത് വൻ അപകടങ്ങൾക്ക് വഴിയൊരുക്കും. കാലപ്പഴക്കം ചെന്ന അതി മർദ്ദ പൈപ്പ് ലൈനുകൾ സ്ഥാപിച്ചിരിക്കുന്ന റോഡായതിനാൽ ഭാരവണ്ടികളുടെ ഗതാഗതം മൂലം പൈപ്പുകൾക്ക് സംഭവിച്ചേക്കാവുന്ന ഏതൊരു തരത്തിലുള്ള ആഘാതവും പരിസരവാസികളുടെ ജീവനും, സ്വത്തിനും നാശനഷ്ടങ്ങൾ വരുത്തുന്നതു കൂടാതെ പൈപ്പ് വെള്ളത്തെ മാത്രം ആശ്രയിക്കുന്ന ലക്ഷക്കണക്കിന് ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാകാത്ത അവസ്ഥയും ഉണ്ടാകും. 6 ടൺ ഭാരം മാത്രമാണ് ടി റോഡിൽ കയറ്റാവുന്ന പരമാവധി ഭാരപരിധി. പൈപ്പ് ലൈൻ റോഡ് ജല അതോറിറ്റിയുടെ പൈപ്പ് ലൈൻ പരിശോധനകൾക്ക് മാത്രമായി നിർമ്മിച്ചിട്ടുള്ളതാണ്. എന്നിരുന്നാലും ആലുവ നിയോജക മണ്ഡലത്തിൽ വരുന്ന ആലുവ മുതൽ ചൂർണ്ണിക്കര പഞ്ചായത്തിലെ കുന്നത്തേരി ഷാപ്പുംപ്പടി വരെയുള്ള റോഡിൽ (2.57 കിലോ മീറ്റർ) ഇന്റർലോക്ക് ടൈലിട്ടു പുനരുദ്ധാരണം ചെയ്യുന്നതിനായി കേരള വാട്ടർ അതോറിറ്റി 220 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനായി കേന്ദ്ര കാര്യാലയത്തിലേക്കു സമർപ്പിക്കുകയുണ്ടായി.

പൈപ്പ് ലൈൻ റോഡ് ഇന്റർലോക്ക് ടൈൽ പാകുന്നതിനു കേരള ജല അതോറിറ്റിയുടെ ബോർഡിന്റെ NOC അനിവാര്യമാണ്. സെക്രട്ടറിയുടെ വിഭാഗത്തിലെ ഫയൽ നമ്പർ 9325/DM1(SU)/2017/KWA അനുസരിച്ച് ചൂർണിക്കര ഗ്രാമപഞ്ചായത്തിലൂടെ കടന്നു പോകുന്ന പൈപ്പ്ലൈൻ റോഡിൽ ടൈൽ പാകുന്നതിനു നിബന്ധനകൾക്ക് വിധേയമായി 06/07/2020 ലെ മാനേജിംഗ് ഡയറക്ടറുടെ 9325/DM1(SU)/ 2017/ കെ.ഡബ്ല്യു.എ നമ്പർ നടപടിക്രമം പ്രകാരം നിരാക്ഷേപപത്രം അനുവദിച്ച് ഉത്തരവായിരുന്നതിനാൽ 31/08/2021 ലെ ബഹു: എം.എൽ.എ യുടെ നിവേദനത്തിൽ പരാമർശിച്ചിട്ടുള്ള ഭൂമിയിൽ നിന്നും വ്യത്യസ്തമാണോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് 13/04/2022 ൽ മധ്യമേഖല ചീഫ് എൻജിനീയർക്കു കത്ത് നൽകിയിരുന്നു.എന്നാൽ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിൽ വരുന്ന ഭാഗത്തിന്റെ മാത്രമാണ് കേരള വാട്ടർ അതോറിറ്റിയുടെ ബോർഡിന്റെ NOC

| | | | |
|---|---|---|---|
| | | | **നൽകിയതെന്നും ബഹു. എം.എൽ.എ യുടെ കത്ത് പ്രകാരം എടുത്ത എസ്റ്റിമേറ്റ് ആലുവ മുനിസിപ്പാലിറ്റിയുടെയും ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്തിലൂടെയും പോകുന്ന പൈപ്പ് ലൈൻ റോഡ് ടൈൽ വിരിക്കുന്നതിനായുള്ളതാണെന്നും 16/06/2022 ന് മധ്യമേഖല ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.<br>കൂടാതെ തുടർ നടപടി സ്വീകരിക്കുന്നതിലേക്കായി പ്രസ്തുത റോഡ് കടന്നു പോകുന്ന വില്ലേജുകൾ, താലൂക്ക്, സർവ്വേ നമ്പർ എന്നിവ കൂടി ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കാൻ 01/06/2022 ൽ മധ്യമേഖല ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു.ടി വിവരങ്ങൾ കൂടി ലഭ്യമാക്കി കേരള ജല അതോറിറ്റിയുടെ ബോർഡിന്റെ NOC ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു . ആയതിനാലാണ് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുവാൻ കാലതാമസം നേരിടുന്നത് എന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.** |
| (സി) | ഈ വിഷയത്തിൽ 07.04.2022-ന് എം.എൽ.എ. ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകിയ കത്തിന് എത്രയും വേഗം മറുപടി ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകുമോ? | (സി) | **07.04.2022-ന് എം.എൽ.എ. ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ പൈപ്പ് ലൈൻ റോഡിൽ ഇന്റർലോക്ക് ടൈൽ പാകുന്നതിനു ജല അതോറിറ്റിയുടെ ബോർഡിന്റെ NOC ലഭ്യമാക്കുന്നതിനുള്ള അടിയന്തിര തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ജനപ്രതിനിധികൾ നൽകുന്ന നിവേദനങ്ങൾ പരിഗണിക്കുന്നതു സംബന്ധിച്ച് നടപടി ക്രമങ്ങൾ പാലിക്കണമെന്ന് നിർദ്ദേശിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ